
Malayala Manorama
മലയാള മനോരമ




കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് എൻവിസ് കേന്ദ്രത്തിൽ നടത്തിയ ലോക മണ്ണു ദിനാചരണത്തിൽ നിന്ന്.

# ഐക്യരാഷ്ട്രസംഘടനയുടെ പരിപാടിയിൽ ഇടം നേടി പ്രശ്നോത്തരി

പാലക്കാട് ● ലോക മണ്ണ് ദിനാചരണത്തിന്റെ ഭാഗമായി ഐക്യരാഷ്ട്രസംഘടന നടത്തുന്ന ആഗോളതല പരിപാടികളിൽ ഇടം നേടി കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് എൻവിസ് കേന്ദ്രത്തിലെ ഓൺലൈൻ മണ്ണ്-ബോധവൽക്കരണ പ്രശ്നോത്തരി. ലോക മണ്ണു ദിനാചരണത്തോടനുബന്ധിച്ച് ഫേസ്ബുക്ക് ലൈവിലൂടെ നടത്തിയ ബോധവൽക്കരണ പരിപാടി ഐഎഫ്ജിടിബി ഗ്രൂപ്പ് കോഓർഡിനേറ്റർ എസ്. സെന്തിൽകുമാർ ഉദ്ഘാടനം ചെയ്തു.

സെമിനാറിൽ വനജനിതക ശാസ്ത്രജ്ഞനും എൻവിസ് മേധാവിയുമായ ഡോ. കണ്ണൻ വാരിയർ ക്ലാസെടുത്തു. ഒരു ടേബിൾ സ്പൂൺ മണ്ണിൽ ഭൂമിയിലുള്ള ജനസംഖ്യയേക്കാൾ കൂടുതൽ സൂക്ഷ്മാണുക്കൾ ഉണ്ടെന്നും മണ്ണിലെ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യമാണിത് കാണിക്കുന്നതെന്നും ഭൂമിയിലെ 33% മണ്ണും ഉപയോഗശൂന്യമായിരിക്കുന്നെന്നും അദ്ദേഹം പറഞ്ഞു.